"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ.ശ്രീരാഗ് എം.എസ് ചെങ്ങന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തതിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതു വരെയുള്ള കാലയളവ് പ്രവേശനകാലമായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.817/2024/LSGD തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. 14.12.2023 ലെ സ.ഉ(സാധാ) നം.2487/2023/തസ്വഭവ നമ്പർ ഉത്തരവ്
2. 27.12.2023 ലെ സ.ഉ(സാധാ) നം.2588/2023/തസ്വഭവ നമ്പർ ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2024 ലെ എൽ എസ്.ജി.ഡി/പി.ഡി/4908/2024-ഡി ഇഎ2നമ്പർ കത്ത്

**ഉത്തരവ്**

അങ്കമാലി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ശ്രീരാഗ് എം.എസ്-നെ ചെങ്ങന്നൂർ നഗരസഭ സെക്രട്ടറിയായി നിയമിച്ചുത്തരവായിരുന്നതും ടിയാൻ 01.12.2023 ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്. എന്നാൽ പരാമർശം (1) ഉത്തരവ് പ്രകാരം ടിയാനെയും അടൂർ നഗരസഭാ സെക്രട്ടറിയേയും പരസ്പരം മാറ്റി നിയമിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 18.12.2023 അപരാഹ്നത്തിൽ ശ്രീ.ശ്രീരാഗ് എം.എസ് ചെങ്ങന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിരുന്നു. എന്നാൽ മേൽ ഉത്തരവിനെതിരെ അടൂർ നഗരസഭാ സെക്രട്ടറി ഫയൽ ചെയ്ത OA 2261/2023 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ടിയാന് അടൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വന്നു. ശ്രീ.ശ്രീരാഗ് എം എസ് 18.12.2023 ന് ചെങ്ങന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തിരുന്നതായും 20.12.2023 ന് രാവിലെ അടൂർ നഗരസഭയിൽ ചെന്നപ്പോൾ ശ്രീ രാജു എം ഫയൽ ചെയ്ത

ഒ എ 2261/2023 - ന്മേൽ ബഹു ട്രൈബ്യൂണലിന്റെ 18.12.2023 ലെ ഉത്തരവ് പ്രകാരം ശ്രീ രാജു

എം ന്റെ അനക്ഷർ എ4 അപ്പീൽ അപേക്ഷയിന്മേൽ 3 ആഴ്ചക്കുള്ളിൽ സർക്കാർ തീരുമാനമെടുക്കണമെന്നും അതുവരെ അടൂർ നഗരസഭയിൽ തുടരുന്നതിന് അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നതിനാൽ അടൂർ നഗരസഭയിൽ ജോയിൻ ചെയ്യാൻ സാധിക്കാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ മുമ്പാകെ നേരിട്ട് ഹാജരായതായി അറിയിക്കുകയും തസ്വഭവ (ഇയു) വകുപ്പ് അഡീഷണൽ സെക്രട്ടറി മുമ്പാകെ 20.12.2023 ന് നേരിട്ട് ഹാജരായി മറ്റൊരു നഗരസഭയിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ ചെങ്ങന്നൂർ നഗരസഭയിൽ നിലനിർത്തികൊണ്ട് ഉത്തരവായിരുന്നു. ടിയാൻ തിരികെ 28.12.2023 പൂർവാഹനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്ന് RTC യും അനുബന്ധ രേഖകളും സഹിതം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീ.ശ്രീരാഗ് എം.എസ് ചെങ്ങന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തതിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതു വരെയുള്ള 19.12.2023 മുതൽ 27.12.2023 വരെയുള്ള 9 ദിവസത്തെ ഓവർസ്റ്റേയൽ കാലയളവ് KSR Part I റൂൾ 12 (7) നോട്ട് (4) പ്രകാരം ഡ്യൂട്ടിയായി പരിഗണിയ്ക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ടിയാൻ നിയമനാധികാരി മുമ്പാകെ നേരിട്ട് ഹാജരായിട്ടുണ്ട്.ശ്രീ രാജു ചെങ്ങന്നൂർ നഗരസഭയിൽ ജോയിൻ ചെയ്യാതിരുന്നതിനാൽ ടി കാലയളവിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഒഴിവുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.ശ്രീരാഗ് എം.എസ് ചെങ്ങന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്തതിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതു വരെയുള്ള 19.12.2023 മുതൽ 27.12.2023 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം I ചട്ടം 130 ന് ചുവടെയുള്ള സർക്കാർ തീരുമാനം പ്രകാരം പ്രവേശനകാലമായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ, കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ശ്രീരാഗ് എം.എസ്,മുനിസിപ്പൽ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് (e-2731588/dev-1/52/2024 dtd 25-3-2024 പ്രകാരം 0
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob
Date: 15-05-2024 15:56:46

സെക്ഷൻ ഓഫീസർ